LIBRARY ARCHIVES Kerala Legislative Assembly

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. ഫിസിക്സ് ഡിഗ്രി കോഴ്സ്

152 (1208) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ട് ആയി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്. സി. ഫിസിക്സ് ഡിഗ്രി കോഴ്സ് വിജയിച്ചവർക്ക്, കെമിസ്ട്രി സബ്സിഡിയറി ആയി എടുത്ത് പഠിച്ചിട്ടില്ല എന്ന കാരണത്താൽ ബി.എഡ്. കോഴ്സിന് ചേർന്ന് പഠിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുട്ടികൾക്ക് ബി.എഡ്. കോഴ്സിന് ചേർന്ന് പഠിക്കാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ബി.എസ്.സി. ഫിസിക്സ്/ കെമിസ്ട്രി മുഖ്യ വിഷയമായി പഠിച്ചതും പാർട്ട് മൂന്നിന് നിശ്ചിത ശതമാനം മാർക്ക് ലഭിച്ചിട്ടുള്ളതുമായ എല്ലാ വിദ്യാർത്ഥി കൾക്കും ബി.എഡ്. (ഫിസിക്കൽ സയൻസ്)-ന് അഡ്മിഷൻ നേടുന്നത് അനുവദിച്ച കൊണ്ട് 20-11-2014 തീയതിയിൽ GO (Rt) No. 2748/2014/H. Edn. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം

153 (1209) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം താറുമാറായി കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ സർവ്വകലാശാലയിലും ഉണ്ടായ വിഷയങ്ങൾ വിശദീകരിക്കാമോ ;

(സി) സർക്കാർ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിരുന്നുവോ ; ആയതിന്റെ അടിയന്തര സാഹചര്യം എന്തായിരുന്നു ; വിശദീകരിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ബഹു: ചാൻസലറും സർക്കാരും ചേർന്ന് എത്ര തവണ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ബഹു. ചാൻസലർ വിളിച്ച വൈസ് ചാൻസലർമാരുടെ യോഗത്തിൽ സർക്കാർ പ്രതിനിധികൾ പങ്കെടുത്തിരുന്നുവോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സർവ്വകലാശാലകളുടെ പ്രവർത്തനം താറുമാറായി കിടക്കുന്നതായുള്ള ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ വിദ്യാർത്ഥി സംരംഭകത്വ പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനുവേണ്ടി വൈസ് ചാൻസലർമാരുടെ അടിയന്തര യോഗം വിളിച്ചുചേർത്തിരുന്നു.

(ഡി) സംയുക്ത യോഗങ്ങളൊന്നും വിളിച്ചുചേർത്തിട്ടില്ല.

(ഇ) ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തിരുന്നു.

ചാൻസലേഴ്സ് കൗൺസിൽ

154 (1210) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചാൻസലേഴ്സ് കൗൺസിൽ രൂപീകൃതമായിട്ടുണ്ടോ ; കൗൺസിലിന്റെ ഘടന വിശദമാക്കാമോ ; ഇത് ഈ സർക്കാരിന്റെ നയപരമായ തീരുമാനമായിരുന്നുവോ;

(ബി) ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചത് സംബന്ധിച്ച നിലപാട് എന്താണ് ; ഇത് ബഹു. ഗവർണറെ അറിയിച്ചിട്ടുണ്ടോ ;

(സി) ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചതുവഴി സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ ബഹു. ഗവർണർ നേരിട്ട് ഇടപെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; ഇതിന് ഇടയാക്കിയ സാഹചര്യമെന്തെന്ന് വിശദമാക്കാമോ ;

(ഡി) പ്രൊ ചാൻസലർ എന്ന നിലയിൽ വിദ്യാഭ്യാസ മന്ത്രിക്ക് ഈ കൗൺസിലിൽ അംഗത്വമുണ്ടോ ?

ഉത്തരം

(എ-ഡി) 25-11-2014-ലെ GS5-3094/2014 ഉത്തരവിലൂടെ ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ചാൻസലർ, പ്രോ ചാൻസലർ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ, സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നിവരാണ് പ്രസ്തുത കൗൺസിലിലെ അംഗങ്ങൾ. ഗവർണറുടെ സെക്രട്ടറിയാണ് ചാൻസലേഴ്സ് കൗൺസിലിന്റെ കൺവീനർ.

ചാൻസലർ എന്ന നിലയ്ക്ക് ബഹു. ഗവർണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ നേരിട്ട് ഇടപെടാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly